# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

***നക്ഷത്രചിഹ്നമിട്ട ചോദ്യം നം.33** **19.03.2013- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.ദാസൻ | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രതിസന്ധി പരിഹരിക്കുന്നതിനും നൂൽ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും, നൂല്, ചായം മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | നെയ്ത്തുകാരുടെ അഭാവം കൈത്തറി മേഖലയിലെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി പുതിയ ആൾക്കാർക്ക് നെയ്ത്ത് പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നൂൽ സബ്സിഡിയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങൾ യാൺ ബാങ്കുകളിൽ നിന്നും ചായങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന് 10% സബ്സിഡി നൽകി വരുന്നു |
| (സി) | കൈത്തറി വ്യവസായത്തിനുള്ള ഇൻകം സപ്പോർട്ട് സ്കീം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്നും ഇത് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ; | (സി) | കൈത്തറി വ്യവസായത്തിനുള്ള ഇൻകം സപ്പോർട്ട് സ്കീം നിർത്തലാക്കിയിട്ടില്ല. |
| (ഡി) | കൈത്തറി തൊഴിലാളികളുടെ കൂലിയും പെൻഷനും വർദ്ധിപ്പിക്കണമെന്ന യൂണിയനുകളുടെ ആവശ്യത്തിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു ; | (ഡി) | സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയിലെ കൈത്തറി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും മിനിമം 150 രൂപ വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ വരുമാന ഉറപ്പു പദ്ധതി 29/03/2011 മുതൽ നടപ്പിലാക്കി വരുന്നു.<br>ഒരു വർഷത്തേയ്ക്ക് പരമാവധി 100 ദിവസത്തേയ്ക്കാണ് നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ബോർഡിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണ് പെൻഷൻ നൽകി വരുന്നത്. |
| (ഇ) | കൈത്തറി സഹകരണസംഘങ്ങൾക്ക് കടാശ്വാസം ലഭിക്കുന്നതിന് ദേശീയ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച തുക സംഘങ്ങൾക്ക് ഇനിയും ലഭ്യമാക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഇ) & (എഫ്) | 31.03.2010 വരെ സംഘങ്ങൾക്ക് അർഹതപ്പെട്ട കേന്ദ്ര സംസ്ഥാന റിബേറ്റ്, സ്പെഷ്യൽ മാർക്കറ്റിംഗ് ഇൻസെന്റീവ് കുടിശ്ശികകൾ അനുവദിച്ച് നൽകിയാൽ മാത്രമേ കൈത്തറി സംഘങ്ങൾക്ക് ദേശീയ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച തുക ലഭ്യമാകുകയുള്ളൂ. അതനുസരിച്ച് സംഘങ്ങൾക്ക് അർഹതപ്പെട്ട സംസ്ഥാന റിബേറ്റ് നൽകി കഴിഞ്ഞു. റിബേറ്റിനത്തിലും, മാർക്കറ്റിംഗ് ഇൻസെന്റീവിനത്തിലും കേന്ദ്രഗവൺമെന്റ് നൽകേണ്ടതായ കുടിശ്ശിക തുക കണക്കിലെടുക്കാതെ പാക്കേജനുസരിച്ചുള്ള സഹായം വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 31-ന് മുൻപ് സംഘങ്ങൾക്ക് ധനസഹായം നബാർഡ് നൽകുന്നതാണ്. |
| (എഫ്) | പ്രസ്തുത തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**